(ബി) മേൽപ്പറഞ്ഞ അക്രമ സംഭവങ്ങളിൽ പോലീസ് 114 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലെല്ലാം കൂടി 779 പേർ പ്രതികളായിട്ടുണ്ട്. കേസുകൾ ഭൂരിഭാഗവും വിചാരണയിലാണ്. ഒരു കേസിലും കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടില്ല. 34 കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടില്ലാത്തതുമാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## മൈക്രോ ഫിനാൻസ്

**214 (222)** ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെതിരെ, മൈക്രോ ഫിനാൻസ് സംബന്ധമായി തട്ടിപ്പ് നടത്തിയെന്ന പരാതിയിൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന പോലീസ് സംഘമാണ് അന്വേഷണം നടത്തുന്നത് ;

(ബി) മൈക്രോ ഫിനാൻസിന്റെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് എത്ര ശതമാനം പലിശയ്ക്ക് നേടിയ തുക എത്ര ശതമാനം അധിക പലിശയ്ക്ക് നൽകി എന്നാണ് പരാതി; വിശദമാക്കുമോ ;

(സി) വായ്പ സ്കീമുകൾ തിരിച്ച് നൽകിയിട്ടും ബാങ്കുകളിൽ അടച്ചിട്ടില്ലെന്ന പരാതിയിലും അന്വേഷണം നടക്കുന്നുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു ; ഇതും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ;

(ഇ) അന്വേഷണത്തെ തുടർന്ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ പ്രതികൾ ആരെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly